പാകിസ്ഥാൻ പൗരത്വമുള്ള മലയാളികളുടെ പ്രശ്നങ്ങൾ

7 (3741) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ താമസിക്കുന്ന പാകിസ്ഥാൻ പൗരത്വമുള്ള മലയാളികളുടെ പ്രശ്നങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കേരളത്തിൽ ജനിച്ചുവളർന്നവരും കുടുംബത്തോടൊപ്പം താമസിക്കുന്നവരുമായ ഇവർ സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ് ജോലിക്കായി പാകിസ്ഥാനിൽ എത്തപ്പെടുകയും യാദൃശ്ചികമായി പാകിസ്ഥാൻ പൗരൻമാരായതുമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇവരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) പാകിസ്ഥാൻ പൗരത്വമാരോപിച്ച് വൃദ്ധരും രോഗികളും നിരാലംബരുമായ പ്രസ്തുത ആളുകളെ പോലീസ് നിരന്തരം പീഡിപ്പിക്കുന്ന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നിർദ്ദേശം നൽകുമോ ;

(എഫ്) മനുഷ്യത്വപരവും നീതിയർഹിക്കുന്നവരുമായ ഇവരുടെ പ്രായാധിക്യവും മറ്റും കണക്കിലെടുത്ത് ഇവരുടെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മതിയായ യാത്രാരേഖകളില്ലാതെ പാകിസ്ഥാനിലെത്തുകയും വളരെക്കാലം അവിടെ താമസിക്കുകയും, ഈ കാലയളവിൽ സ്വമേധയാ പാക്കിസ്ഥാൻ പാസ്പോർട്ട് കൈവശമാക്കുകയും ചെയ്ത സാഹചര്യത്തിലാണ് മിക്കവർക്കും പാകിസ്ഥാൻ പൗരത്വം ലഭിച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പൗരത്വപ്രശ്നങ്ങൾ സംബന്ധിച്ച അപേക്ഷകൾ സർക്കാരിന് ലഭിക്കാറുണ്ട്.

(ഡി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് യോഗ്യമായവ അന്തിമ തീരുമാനത്തിനായി കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കുന്നുണ്ട്.

(ഇ) പാകിസ്ഥാൻ പൗരത്വമാരോപിച്ച് ഇവരെ പോലീസ് പീഡിപ്പിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) അർഹരായ പാകിസ്ഥാൻ പൗരന്മാർക്ക് ദീർഘകാല താമസാനുവാദവും ഇൻഡ്യൻ പൗരത്വവും നൽകുന്നതിനുള്ള നടപടി കേന്ദ്രസർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly